Deivarajyam June 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/6/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



SACRED HEART OF JESUS



ST. EPHREM



ST. PETER & PAUL



ST. ANTONY

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ജൂൺ 2018 വാല്യം 57 ലക്കം 6

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# നന്ദി



**റവ. ഫാ. ജോൺ മുണ്ടയ്ക്കൽ**



# സ്വാഗതം

**റവ. ഫാ. ജോസ് കുഴികണ്ണിയിൽ**

രൂപതയുടെ പ്രൊക്യുറേറ്ററായി കഴിഞ്ഞ മൂന്നു വർഷം
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച **ബഹു. ജോൺ മുണ്ടയ്ക്കലച്ചന്**
രൂപതാകുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.
രൂപതയുടെ പുതിയ പ്രൊക്യുറേറ്ററായി നിയമിതനായ
**ബഹു. ജോസ് കുഴികണ്ണിയിലച്ചന്**
രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# നന്ദി



**സേവനമനുഷ്ഠിച്ച ഇടവകകൾ**

അസി. വികാരി – കരിമണ്ണൂർ, ഇരട്ടയാർ
വികാരി – ബെഥേൽ, പെരിഞ്ചാൻകുട്ടി
മരിയാപുരം, നാടുകാണി, നെല്ലിപ്പാറ, ചെമ്മണ്ണാർ, ഉപ്പുതോട്, എല്ലക്കൽ, ചീനിക്കുഴി, ഉപ്പുകുന്ന്, മലയിഞ്ചി, പെരിങ്ങാശ്ശേരി, എഴുകുംവയൽ, പൊട്ടൻകാട്, പനംകുട്ടി, മുരിക്കാശ്ശേരി, രണ്ടാർ, ഞാറക്കാട്

**Rev. Fr. Emmanual Ariappillil**



**സേവനമനുഷ്ഠിച്ച ഇടവകകൾ**

അസി. വികാരി – തങ്കമണി, മുരിക്കാശ്ശേരി
വികാരി – നെല്ലിമറ്റം, പള്ളിക്കാമുറി, തൊമ്മൻകുത്ത്, നിർമ്മലാപുരം, പാണ്ടിപ്പാറ, വടകോട്, പൂയംകുട്ടി, ഇഞ്ചത്തൊട്ടി, ലോവർ പെരിയാർ, പൊട്ടൻകാട്, ബൈസൺവാലി, പൊന്നന്താനം, വടാട്ടുപാറ, നാടുകാണി, കോലടി, മുള്ളരിങ്ങാട്, പെരുമ്പിള്ളിച്ചിറ, നടുക്കര, നെയ്യശ്ശേരി

**Rev. Fr. Joseph Cheriyan Koickakudy**



**സേവനമനുഷ്ഠിച്ച ഇടവകകൾ**

അസി. വികാരി – വാഴക്കുളം, കരിമണ്ണൂർ
വികാരി – പാണ്ടിപ്പാറ, പൊന്നന്താനം, ഇരട്ടയാർ, വെളിയേൽച്ചാൽ, രാജാക്കാട്, തോട്ടക്കര, വണ്ടമറ്റം, വെളിയേൽച്ചാൽ, കരിമണ്ണൂർ

**Rev. Fr. Thomas Kuzhinjalil**

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ജൂൺ 2018
ലക്കം 6

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 മാർപാപ്പായുടെ ലോക മാധ്യമദിന സന്ദേശം
14 സർക്കുലർ
16 രൂപതക്കച്ചേരി
25 മൈനർ സെമിനാരി
26 വിജ്ഞാനഭവൻ
37 വിദ്യാഭ്യാസം
42 സോഷ്യൽ സർവീസ്
43 തിരുബാലസഖ്യം
43 ചെറുപുഷ്പ മിഷൻലീഗ്
44 കെ. സി. എസ്. എൽ.
46 ഫാമിലി അപ്പോസ്റ്റലേറ്റ്
48 മാതൃവേദി
48 ഡി. എഫ്. സി.
50 യുവദീപ്തി
51 ജീസസ് യൂത്ത്
51 ഡി. സി. എം. എസ്.
51 എ. കെ. സി. സി.
52 ഇൻഫാം
53 അല്മായഫ്രാൻസിസ്കൻ സഭ
53 പ്രാർത്ഥനാഗ്രൂപ്പ്
54 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
56 കേരള ലേബർ മൂവ്മെന്റ്
58 നെസ്റ്റ് പ്രോഗ്രാം
58 വാർത്തയും വിശേഷങ്ങളും
59 തിരുനാൾ മംഗളങ്ങൾ
60 രൂപതാദ്ധ്യക്ഷന്റെ ഡയറി
64 **Bishop's Engagements**
65 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
65 നിര്യാതരായി



## ഓർമ്മിക്കാൻ

**ജൂൺ**

| | | |
|---|---|---|
| 6 - 8 | - | Pre Marriage course |
| 9 | - | രൂപതാ ദിനാചരണം |
| 20 - 22 | - | Pre Marriage course |
| 23 - 24 | - | Catechism നവാഗതരായ അദ്ധ്യാപകർക്ക് പരിശീലനം |
| 30 | - | തിരുബാലസഖ്യം, രൂപതാ കലോത്സവം |
| 30 | - | ഫാമിലി അപ്പോസ്റ്റലേറ്റ്, രൂപതാ കലോത്സവം |

## തിരുനാളുകൾ

| | | |
|---|---|---|
| 08 | - | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| 08 | - | വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ |
| 09 | - | മാതാവിന്റെ വിമലഹൃദയത്തിരുനാൾ |
| 09 | - | മാർ അപ്രേം |
| 11 | - | വി. ബർണ്ണബാസ് ശ്ലീഹാ |
| 13 | - | വി. അന്തോണീസ് |
| 22 | - | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 23 | - | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 29 | - | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

Ref: 3086/K-5/KCBC/OL/DS 05.05.2018

# ലോക മാധ്യമദിന സന്ദേശം - 2018

## ഫ്രാൻസിസ് മാർപാപ്പ

## "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32) വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കു ചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതു കാണാം (cf ഉത്പ 4:4-16; 11:1-9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യാജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യ





മെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പല കാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972-ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

### 1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻ വഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായ പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുകയും ചെയ്യുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാനും പ്രേരിപ്പിക്കുകയേ ഉള്ളൂ.

**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മനഃപൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനഃശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവു





മായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമര തന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേ

ധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകൻ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത്പ 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അനന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവയ്ക്കൽ ബോധംമൂലമല്ല; പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുമുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.





### 3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളിലേക്കും മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തരം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ

'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബദ്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് – പരസ്പര ശ്രവണത്തിൽനിന്ന് – ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?





**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവർ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് – ജേർണലിസ്റ്റുകൾക്ക് – വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നി

ല്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:

ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.

ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.

സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.

പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.

പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.





ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.

മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.

ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.

അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**ഫ്രാൻസിസ് മാർപാപ്പാ**

N.B: ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

*O.260/2018*

# സർക്കുലർ

പ്രിയ സഹോദരീ സഹോദരന്മാരെ,

പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടതാണ് കോതമംഗലം രൂപത. വിമലഹൃദയം നമുക്ക് അഭയമാണ്, സംരക്ഷണമാണ്. വചനം സ്വീകരിച്ച് ഹൃദയത്തിൽ സംഗ്രഹിച്ച മറിയം നമുക്ക് മാതൃകയാണ്. തിന്മയെ ജയിക്കാൻ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കണമെന്ന സന്ദേശം അമ്മ ഫാത്തിമായിൽ വ്യക്തമായി നൽകുകയുണ്ടായി. വിമലഹൃദയത്തിന്റെ മാദ്ധ്യസ്ഥ്യം വ്യക്തികളുടെയും സമൂഹങ്ങളുടെയും രാജ്യങ്ങളുടെയും മാനസാന്തരത്തിനുള്ള വഴിതുറക്കും എന്ന് അമ്മ ഉറപ്പു നല്കിയിട്ടുണ്ട്. വെല്ലുവിളികളും പ്രതിസന്ധികളും നാം നേരിടുന്ന ഈ കാലഘട്ടത്തിൽ അമ്മയുടെ വിമലഹൃദയത്തിന്റെ സംരക്ഷണം നമുക്ക് ശക്തമായ കോട്ടയായിരിക്കും. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിന്റെ ചൈതന്യം സ്വീകരിച്ചു നിർഭയം സാക്ഷ്യം വഹിക്കുവാൻ ശിഷ്യന്മാരെ ഒരുക്കിയ അമ്മയുടെ സഹായവും പ്രചോദനവും നവ്യമായ പന്തക്കുസ്താനുഭവത്തിലേക്ക് നയിക്കും.

അമ്മയുടെ വിമലഹൃദയത്തിരുനാൾ ദിനം രൂപതാദിനമായി നാം ആചരിക്കുകയാണ്. ലളിതവും ഹൃദ്യവുമായ ആഘോഷമാണ് നമ്മൾ ഉദ്ദേശിക്കുന്നത്. കോതമംഗലം രൂപത സ്ഥാപിതമായിട്ട് 62 വർഷങ്ങൾ പിന്നിടുകയാണ്. കഴിഞ്ഞ നാളുകളിൽ നമുക്ക് ലഭിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും നന്ദി പറയുവാനും ദൈവത്തെ സ്തുതിക്കുവാനും കുടുംബാരൂപിയിൽ വളർത്തുവാനും രൂപതാ ദിനാചരണം ഉപകരി

ക്കണം. പിറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കുവാനും ദൈവത്തിന് നന്ദി പറയുവാനും ഒത്തിരിയേറെയുണ്ട്. നമ്മുടെ രൂപതയിൽ 121 ഇടവകകളിലായി 45000 കുടുംബങ്ങളിലായി 213000 കത്തോലിക്കാ വിശ്വാസികൾ ഉണ്ട്. നമ്മുടെ രൂപതയിൽ ഇപ്പോൾ 248 രൂപതാ വൈദികരും, 112 സന്യാസ വൈദികരും, 111 സെമിനാരിക്കാരുമുണ്ട്. 2320 സിസ്റ്റേഴ്സും വിവിധ മേഖലകളിലായി നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്നു. നമ്മുടെ രൂപതാതിർത്തിയിൽ 212 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 63128 വിദ്യാർത്ഥികൾ പഠനം നടത്തുകയും 3286 പേർ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുകയും ചെയ്തു വരുന്നു. 2003 ൽ കോതമംഗലം രൂപതയുടെ ഭാഗമായിരുന്ന ഇടുക്കി വിഭജിച്ച് പുതിയ രൂപതയ്ക്ക് രൂപം നൽകുവാനും സാധിച്ചു. കഴിഞ്ഞ നാളുകളിൽ നമ്മുടെ രൂപതയെ നയിച്ച അഭിവന്ദ്യ മാർ മാത്യു പോത്തനാമൂഴി പിതാവിനെയും അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനെയും ബഹുമാനപ്പെട്ട വൈദികരെയും സന്യസ്തരെയും അല്മായ നേതാക്കളെയും നന്ദിയോടുകൂടി അനുസ്മരിക്കുവാനും രൂപതാ ദിനം ഒരവസരമാണ്.

2015-ൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയിൽ രൂപതയുടെ പ്രവർത്തനങ്ങളെ കൃത്യതയോടെ വിലയിരുത്തുകയും ഭാവികർമ്മ പരിപാടികൾ രൂപപ്പെടുത്തുകയും ചെയ്യുകയുണ്ടായല്ലോ. "നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന് സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി, യേശുവിന് സാക്ഷ്യമായി മുന്നേറുന്ന രൂപതാ സമൂഹം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ എത്രത്തോളം നമുക്ക് സാധിച്ചു എന്ന് വിലയിരുത്തുന്നതിനും കൂടുതൽ തീവ്രതയോടെ ആ ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനും ഒരവസരമാകണം ഈ രൂപതാ ദിനാഘോഷം.

മാതാവിന്റെ വിമലഹൃദയത്തിരുനാൾ ദിനമായ ജൂൺ 9 ശനിയാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനയെ തുടർന്ന് വിമലഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്. കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വച്ചായിരിക്കും രൂപതാതലത്തിലുള്ള ആഘോഷം. ഉച്ചകഴിഞ്ഞ് 2.30-ന് എല്ലാ വൈദികരും പങ്കുചേർന്നുള്ള സമൂഹബലിയാണ് പ്രധാന ആഘോഷം. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്ന്യസ്ത പ്രതിനിധികൾ, സംഘടനകളുടെ രൂപതാ തല ഭാരവാഹികൾ, ഇടവകകളിലെ കൈക്കാരന്മാർ, പ്രത്യേക ക്ഷണിതാക്കൾ ഇവരെയാണ് പ്രതീക്ഷിക്കുന്നത്. സമൂഹബലിക്കുശേഷം കത്തീഡ്രൽ പാരിഷ് ഹാളിൽ സമ്മേളനവും, ലഘുഭക്ഷണവും ഉണ്ടായിരിക്കും. ശ്രദ്ധേയമായ സേവനം കാഴ്ചവച്ച ഏതാനും പേരെ സമ്മേളനത്തിൽ ആദരിക്കും.





സ്നേഹത്തിന്റെ കൂട്ടായ്മയാണ് സഭ. സഭയുടെ പ്രാദേശിക പതിപ്പായ നമ്മുടെ രൂപതയും ഒരു സ്നേഹ കൂട്ടായ്മയായി വളരണം. രൂപതാ കുടുംബത്തെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന ഒരനുഭവമായി രൂപതാ ദിനാചരണം മാറുവാനും ഇത് ദൈവത്തിന് ഏറ്റവും പ്രീതികരമാകുവാനും നമുക്ക് പ്രാർത്ഥിക്കാം.

ഏവരെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട്, മെത്രാസന മന്ദിരത്തിൽ നിന്ന്,

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം മെത്രാൻ

*NB:* ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ജൂൺ 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## രൂപതക്കച്ചേരി

*C. 42 /2018* **കൃതജ്ഞത**

കഴിഞ്ഞ മൂന്ന് വർഷം പ്രൊക്യുറേറ്ററായും കോട്ടപ്പടി, ഇഞ്ചത്തൊട്ടി എന്നീ ഇടവകകളുടെ വികാരിയുമായും സേവനമനുഷ്ഠിച്ച ബഹു. ജോൺ മുണ്ടയ്ക്കൽ അച്ചനും മൂന്ന് വർഷം സോഷ്യൽ സർവീസ്, ജീവ മെഡിക്കൽസ്, ജീവ വാട്ടർ, മാർ മാത്യൂസ് ബുക്ക് സ്റ്റാൾ എന്നിവയുടെ ഡയറക്ടറായും ആവോലിച്ചാൽ പള്ളിയുടെ പ്രീസ്റ്റ് ഇൻ ചാർജ് ആയും സേവനമനുഷ്ഠിച്ച ബഹു. ജേക്കബ് തലാപ്പിള്ളിൽ അച്ചനും വൈസ് ചാൻസിലറും ഐ.റ്റി. മിഷൻ ഡയറക്ടറുമായി ഒന്നരവർഷവും, മൂന്നുവർഷം നോട്ടറിയുമായി സേവനമനുഷ്ഠിച്ച ബഹു. പൗലോസ് നെടുംതടത്തിൽ അച്ചനും നാല് വർഷം മുട്ടത്തുപാറ പള്ളി വികാരിയും മൂന്ന് വർഷം ക്രിസ്തുജ്യോതി സ്കൂൾ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ച ബഹു. ജേക്കബ് മണ്ണത്തൂക്കാരൻ അച്ചനും രണ്ട് വർഷം വൈസ് റെക്ടറായും വൊക്കേഷൻ പ്രമോട്ടറുമായും സേവനമനുഷ്ഠിച്ച ബഹു. ജോസഫ് മുണ്ടയ്ക്കലച്ചനും ഒരു വർഷം സെക്രട്ടറിയായി സേവനമനുഷ്ഠിച്ച ബഹു. തോമസ് വിലങ്ങുപാറയിലച്ചനും രൂപതയിലെ വിവിധ ഇടവകകളിൽ വികാരിമാർ, അസി. വികാരിമാർ, വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും ഡയറക്ടർമാർ, അസി. ഡയറക്ടർമാർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്ത എല്ലാ ബഹു. അച്ചന്മാർക്കും പ്രത്യേകം നന്ദി പറയുകയും പുതിയ ശുശ്രൂഷാമേഖലകളിൽ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

*Bishop*

### *C. 43/2018* **കൃതജ്ഞത, ആശംസകൾ**

കോതമംഗലം രൂപതയിലെ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്തശേഷം മറ്റ് ശുശ്രൂഷാ മണ്ഡലങ്ങളിലേക്കു പോകുന്ന സന്യാസവൈദികരായ ബഹു. ജോസ് ഏഴാനിക്കാട്ട് CST, ബഹു. ജോസഫ് കൂടയ്ക്കാട്ട് OFM Cap., ബഹു. ജോസഫ് പുളിക്കിയിൽ OFM Cap., ബഹു. ഫിലിപ്പ് പെരികിലംതറപ്പേൽ OFM Cap., ബഹു. എമ്മാനുവൽ പ്ലാക്കൂട്ടത്തിൽ OFM Cap., ബഹു. ജോസഫ് കുരിശുതറ CMF എന്നീ വൈദികർക്ക് പ്രത്യേകം നന്ദി പറയുന്നു. അച്ചന്മാരുടെ തുടർന്നുള്ള ശുശ്രൂഷാമേഖലകളിൽ ദൈവാനുഗ്രഹം നേരുന്നു.

*Bishop*

### *C. 44/2018* **അജപാലന സന്ദർശനം**

ജൂൺ 10, 2018 – അംബികാപുരം
ജൂൺ 17, 2018 – കോട്ടപ്പടി
ജൂലൈ 1, 2018 – ചീനിക്കുഴി

*Bishop*

### *C. 45/2018* **Notification**

This is to notify that Fr. Mathew Maria (Noble) Thottumkaparambil MSJ, a professed Religious and priest of Missionaries of St. John the Baptist (MSJ), originally hailing from the parish of Karimannoor in the Eparchy of Kothamangalam, ordained on 02-01-2008 was dismissed by the Congregation for Institutes of Consecrated life and societies of Apostolic Life in accordance with CIC c. 694 § 1, $2^0$ (CCEO c. 551) with immediate effect. Hence he is forbidden to exercise priestly ministry in the Eparchy of Kothamangalam.

*Bishop*

### *C. 46/2018* **Appointments and Transfers - May 2018**

**PARISH PRIESTS**

| | Name of Priest | Parish |
|---|---|---|
| 1 | Anikottil John | Kaliyar |
| 2 | Chamakalayil Mathew | Marady |
| 3 | Choorathotty James | Inchathotty |
| 4 | Elanjedath John | Karimannoor |
| 5 | Kalapurackal Jose | Nadukara |
| 6 | Kandathil Jose | Kodikulam |
| 7 | Kanimattathil Sebastian | Alakode |
| 8 | Kariamadam George | Meenkunnam |
| 9 | Karikunnel Francis | Thrikkariyoor |
| 10 | Keerampara Francis | Perumannoor |
| 11 | Kochumundanmalayil Mathew | Kadavoor |
| 12 | Kochumuttam John | Kavakad |
| 13 | Konickal Mathew | Kalloorkad |
| 14 | Kunnappillil Augustine | Njarakad |
| 15 | Mackolil Joseph | Thodupuzha East |
| 16 | Madathiparambil Francis | Vadattupara |
| 17 | Mandapathil Varkey | Anchiri |
| 18 | Mannathukaran Jacob | Mudavoor |
| 19 | Mattappillil John | Perumballoor |
| 20 | Mundackal George | Vandamattam |
| 21 | Mundackal John | Arakuzha |
| 22 | Muringamattam John | Thazhuvankunnu |
| 23 | Nellikunnel Joseph | Ezhalloor |
| 24 | Nirappath George | Neyyassery |
| 25 | Padinjattuvayalil John | Mekkadambu |
| 26 | Pothanamuzhy Thomas | Nellikuzhy |
| 27 | Pulickal Joseph (Sr) | Malippara |
| 28 | Thachil George | Nedungapra |
| 29 | Thalappillil Jacob | Kalayanthany |
| 30 | Thekkeattath George | Velielchal |
| 31 | Thevarpadam Mathews | Muttathupara |
| 32 | Vattakuzhy Jose | Pareekanny |
| 33 | Vattathottathil Thomas | Perumbillichira |





**OTHER OFFICES**

| | | |
|---|---|---|
| 1 | Chamakalayil Mathew | Director - Mathruvedi |
| 2 | Choorathotty James | Director - Jeeva Water |
| 3 | Choorathotty Paul | Principal - Kristhujyothi International School |
| 4 | Kanimattathil Sebastian | Alakode Estate & Director- DCMS |
| 5 | Kannampalliyil Kuriakose | House Procurator |
| 6 | Keerampara Francis | Director - Care Homes |
| 7 | Kodamullil Cyriac | Director - CML, KCSL, Holy Chidhood |
| 8 | Kunnamkulathil Emmanuel | Bishop's Secretary, Notary - Eparchial Tribunal |

| | | |
|---|---|---|
| 9 | Kuzhikanniyil Joseph | Diocesan Finance Officer |
| 10 | Mackolil Joseph | Director - Temperance Movement |
| 11 | Nedumthadathil Paulose | Director - Care A Family |
| 12 | Niravathinal Abraham | Nirmala College - Hostel Warden, Administrator - Self Financing |
| 13 | Njaloor Cyriac | Administrator - NESTT, Director - KCYM |
| 14 | Parayidom Thomas | Director - Social Service Society, Jeeva Medicals |
| 15 | Peringarappillil Sotter | Rector - Divine Mercy Shrine Thodupuzha |
| 16 | Ponneth Joseph | Administrator - St. Xaviers Public School, Pothanicad |
| 17 | Pothanamuzhy Sebastian | Co-ordinator - DFC |
| 18 | Punnamattathil Scaria | DFC - State Asst.Director |
| 19 | Puthenkulam Antony | Principal - Nirmala HSS, Muvattupuzha |
| 20 | Thevarpadam Mathews | Vice Chancellor & Notary - Eparchial Tribunal, Director IT Mission |
| 21 | Vattakkattu Augustine | Pareekanni Estate |
| 22 | Vilanguparayil Thomas | Vice Rector - Minor Seminary |

## PAROCHIAL VICARS

| | Name of Priest | Parish |
|---|---|---|
| 1 | Aerath Mathew (Norbertine) | Vazhakulam |
| 2 | Chirapparambil Jose | Nakapuzha |
| 3 | Kachiraparekudiyil Martin | Ayavana |
| 4 | Kalathoor Paul | Kaliyar |
| 5 | Kallarackal Thomas | Kadalikad |
| 6 | Kallidukkil Zacharias | Kallanickal |
| 7 | Kapiyarumalayil Joseph | Marika |
| 8 | Kochuthara George (Idukki) | Muthalakodam |
| 9 | Konthempillil Sebastian | Pannimattam |
| 10 | Koonanickal Joseph | Kaloor |
| 11 | Kunnumpurath Joseph | Kuruppampady |
| 12 | Maliyeckal Antony | Anicad |
| 13 | Meckal Mathew (Idukki) | Karimannoor |
| 14 | Mundackal Emmanuel | Cathedral |
| 15 | Mundackal Mathew (Jr.) | Nellimattam |
| 16 | Nedumthadathil Paulose | Paingottoor |
| 17 | Njaliparambil Antony | Muvattupuzha |
| 18 | Parackal Abraham | Cathedral |
| 19 | Paramel Varghese | Thodupuzha |
| 20 | Peechanikunnel George | Arakuzha |
| 21 | Pothanamuzhy Sebastian | Thodupuzha |
| 22 | Pulickal Joseph (Jr) | Muthalakodam |
| 23 | Puthenkulam Mathew | Vannapuram |
| 24 | Rathappillil Jacob | Vazhakulam |
| 25 | Thanickal Joseph | Udumbannoor |
| 26 | Thanikunnel Alex | Kalayanthany |
| 27 | Thumbamattathil Sebastian | Kalloorkad |
| 28 | Vadakkan John | Nediyakad |





## STUDIES

1. Kallarackal Joseph - Study - Rome
2. Kizhakedath Mathew - Canon Law
3. Mannathukkaran Jacob - Study
4. Marappillil George - Study
5. Mundackal Joseph (Jr) - Study - Rome

## OTHER MINISTRIES

1. Ezhanikkattu James - Oonnukal (Residence)
2. Periapuram Thomas - Staff, Mangalapuzha Seminary
3. Pulprayil Stanly - V.G. Epharchy of Faridabad

## MEDICAL LEAVE

1. Pallikunnel George

## RETIREMENTS

1. Ariappilly Emmanuel - Sanjo Bhavan, Muthalakodam
2. Koickakudy Joseph Cherian - Santhi Nilayam, Vazhappilly
3. Kuzhinjalill Thomas - Sanjo Bhavan, Muthalakodam

*Bishop*

*C.47 /2018* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 661-670 of the Catechism of the Catholic Church.

*Syncellus*

*C.48 /2018* **Young Priests' Seminar**

Annual seminar for the young priests of the Eparchy ordained after 31-01-2012 will be conducted on July 23-24, 2018 at NESTT Muvattupuzha. The seminar begins on Monday at 9.30 am and comes to an end on Tuesday by 4.30 pm. All are expected to participate without fail.

*Protosyncellus*

*C. 49 /2017* **Year Plan for Various Activities in the Diocese June 2018 - May 2019**

**Abbreviations** : CAT - Catechism, CML - Cherupushpa Mission League, FA-Family Apostalate, HC - Holy Childhood, KCSL - Kerala Catholic Students' League.

**ജൂൺ 2018**

3 – KCYM – പരിസ്ഥിതി ദിനാചരണം, ജീവനം 2018
8 – KCSL – പ്രവർത്തനവർഷ ഉദ്ഘാടനം (സ്കൂൾ)
9 – KCSL – സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം
9 – KCYM – തിരുസന്നിധിയിൽ
10 – KCYM – ജിബിൻ മെമ്മോറിയൽ ക്വിസ് (ഫൊറോനതലം)ജ്വലനം- 2017, കർമ്മപദ്ധതി, കെ.സി.വൈ.എം. ചരിത്രം, ആഗോള മെത്രാൻ സിനഡിന്റെ ഒരുക്കരേഖ)
10 – FA – പോസ്റ്റ് മാര്യേജ്
15 – KCSL – രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം
19 – FA – ഉണർവ്വ്
20 – FA – കൗൺസിൽ
23–24 – CAT – നവാഗതരായ അദ്ധ്യാപകർക്ക് പരിശീലനം
24 – KCYM – സെന്റ് തോമസ് മൂർ ദിനാചരണം
26 – FA – മദ്ധ്യസ്ഥപ്രാർത്ഥന
30 – KCSL – ആനിമേറ്റേഴ്സ് മീറ്റിംഗ്





30 – HC – രൂപതാകലോത്സവം (കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ)

**ജൂലൈ 2018**

3 – KCYM – സെന്റ് തോമസ് ഡേ (ആഘോഷം യൂണിറ്റുകളിൽ)
13 – KCYM – തിരുസന്നിധിയിൽ
14 – KCYM – അർദ്ധവാർഷിക കൗൺസിൽ
14 – CAT– വാർഷിക കൺവെൻഷൻ (വിശ്വജ്യോതി)
15 – CML – മേഖലാ സന്ദർശനം
15 – FA – പോസ്റ്റ് മാര്യേജ്
17 – FA – ഉണർവ്വ്
18 – FA – എക്സിക്യൂട്ടീവ്
20 – CML – മാനേജിംഗ് കമ്മിറ്റി
21 – CML – രൂപതാ കൗൺസിൽ, വാർഷികം
22 – KCYM – ജിബിൻ മെമ്മോറിയൽ ക്വിസ് (രൂപതാതലം)
22 – CML – മേഖലാ സന്ദർശനം
24 – FA – മദ്ധ്യസ്ഥപ്രാർത്ഥന
27 – KCSL – ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്
28 – CML – രൂപതാ സാഹിത്യമത്സരം
29 – CML – മേഖലാ സന്ദർശനം

**ആഗസ്റ്റ് 2018**

4 – CML – ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്
4 – KCYM – തിരുസന്നിധിയിൽ
6 – KCYM – വിയാനി ഡേ ആഘോഷം
11 – CAT– Contact Class (NESTT)
11 – CML – കുഞ്ഞേട്ടൻ അനുസ്മരണം
12 – FA – പോസ്റ്റ് മാര്യേജ്
15 – FA – കൗൺസിൽ
18 – KCYM – ഷട്ടിൽ ടൂർണമെന്റ് (ഫൊറോനകളിൽ) ബോബി എം. പാലയ്ക്കൽ ഷട്ടിൽ ടൂർണമെന്റ്
21 – FA – മദ്ധ്യസ്ഥപ്രാർത്ഥന
21 – FA – ഉണർവ്വ്
27 – CML – മേഖലാ കലോത്സവം

## സെപ്റ്റംബർ 2018

8 – KCYM – തിരുസന്നിധിയിൽ
8 – CML - State Managing Commitee, ആർപ്പൂക്കര
9 – FA – പോസ്റ്റ് മാര്യേജ്
15 – KCSL – സാഹിത്യോത്സവം
16 – KCYM – ഓസോൺ ദിനം (പ്രകൃതിയെ സംരക്ഷിക്കാം)
19 – FA – എക്സിക്യൂട്ടീവ്
18 – FA – ഉണർവ്വ്
19–21 – CML – സാഹിത്യശില്പശാല
21 – CML – സംസ്ഥാന സാഹിത്യമത്സരം
20 – KCYM – ഷട്ടിൽ ടൂർണമെന്റ് (രൂപതാതലം)
22 – KCYM - Phoenix (യൂണിറ്റ്, ഫൊറോന എക്സിക്യൂട്ടീവ് മീറ്റ്)
25 – FA – മദ്ധ്യസ്ഥപ്രാർത്ഥന
30 – CAT – ലോഗോസ് ക്വിസ് രൂപതാതലം

## ഒക്ടോബർ 2018

1–31 – KCYM – ജപമാല പ്രയാണം യൂണിറ്റുകളിലും, ഫൊറോനകളിലും
2 – CML – രൂപതാകലോത്സവം
2 – FA – ജൂബിലി ദമ്പതിസംഗമം
7 – CAT I[st] Semester Exam
12 – KCSL Excellence Award
13 – KCYM – തിരുസന്നിധിയിൽ
14 – FA – പോസ്റ്റ് മാര്യേജ്
14 - CAT അദ്ധ്യാപക ക്വിസ് (ഇടവകതലം)
16 – FA – ഉണർവ്വ്
17 – FA – കൗൺസിൽ
18–19 – CML – മേഖലാ ക്യാമ്പുകൾ
30 – FA – മദ്ധ്യസ്ഥപ്രാർത്ഥന

## നവംബർ 2018

4 – CAT – വിശ്വാസപരിശീലകദിനം
6 – KCSL – കലോത്സവം





6 – KCYM- Phoenix (ഫൊറോന, യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റ്)
11 – FA – പോസ്റ്റ് മാര്യേജ്
10 – CAT പ്രതിഭാസംഗമം (നെസ്റ്റ്)
10 – KCYM – തിരുസന്നിധിയിൽ
20 – FA – ഉണർവ്വ്
21 – FA – എക്സിക്യൂട്ടീവ്
27 – FA – മദ്ധ്യസ്ഥപ്രാർത്ഥന

## ഡിസംബർ 2018

8 – CAT – അദ്ധ്യാപക ക്വിസ് രൂപതാതലം
8 – KCYM – തിരുസന്നിധിയിൽ, നിറവ്- 2018
9 – FA – പോസ്റ്റ് മാര്യേജ്
18 – FA – മദ്ധ്യസ്ഥപ്രാർത്ഥന
18 – FA – ഉണർവ്വ്
19 – FA – കൗൺസിൽ

## ജനുവരി 2019

6 – CML – മേഖലാ സന്ദർശനം
5–6 – KCYM – രൂപതാകൗൺസിൽ
11 – FA – മദ്ധ്യസ്ഥപ്രാർത്ഥന
12 – KCSL – സംസ്ഥാന കലോത്സവം
12 – CAT – കോൺടാക്റ്റ് ക്ലാസ്സ് (നെസ്റ്റ്)
13 – CML – മേഖലാ സന്ദർശനം
13 – FA – പോസ്റ്റ് മാര്യേജ്
15 – FA – ഉണർവ്വ്
16 – FA – എക്സിക്യൂട്ടീവ്
19 – CML – നവവൈദികരെ ആദരിക്കൽ, ജപമാല സൈന്യസംഗമം
20 – CML – മേഖലാ സന്ദർശനം

## ഫെബ്രുവരി 2019

8 – FA – മദ്ധ്യസ്ഥപ്രാർത്ഥന
10 – FA – പോസ്റ്റ് മാര്യേജ്
20 – FA – കൗൺസിൽ

## മാർച്ച് 2019

8 – FA – മദ്ധ്യസ്ഥപ്രാർത്ഥന
10 – FA – പോസ്റ്റ് മാര്യേജ്
20 – FA – എക്സിക്യൂട്ടീവ്

## ഏപ്രിൽ 2019

1-4 - CAT - വിശ്വാസോത്സവം
7-9 - CML - HS, HSS - ധ്യാനം
12 - FA - മദ്ധ്യസ്ഥപ്രാർത്ഥന
14 - FA - പോസ്റ്റ് മാര്യേജ്
15-17 - CML - UP - ധ്യാനം
17 - FA - കൗൺസിൽ

## മെയ് 2019

10 - FA - മദ്ധ്യസ്ഥപ്രാർത്ഥന
12 - FA - പോസ്റ്റ് മാര്യേജ്
15 - FA - എക്സിക്യൂട്ടീവ്

*Chancellor*

# മൈനർ സെമിനാരി

*MS 15 /2018* **പ്രാർത്ഥനാശംസകൾ! ഹൃദയംഗമമായ നന്ദി!**

മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും രൂപത വൊക്കേഷൻ പ്രൊമോട്ടറായും രണ്ടു വർഷക്കാലം സ്തുത്യർഹമായ സേവന മനുഷ്ഠിച്ചശേഷം ഉപരിപഠനത്തിനായി പോകുന്ന ബഹു. ജോസഫ് മുണ്ടയ്ക്കലച്ചന് ഹൃദയംഗമമായ നന്ദിയും ആശംസകളും നേരുന്നു. അച്ചൻ വഴിയായി രൂപതാകുടുംബത്തിനും മൈനർ സെമിനാരിക്കും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

*MS 16 /2018* **സ്നേഹോഷ്മളമായ സ്വാഗതം**

മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും രൂപതാ വൊക്കേഷൻ പ്രൊമോട്ടറായും നിയമിതനായിരിക്കുന്ന ബഹു. തോമസ് വില ങ്ങുപാറയിലച്ചന് സ്നേഹോഷ്മളമായ സ്വാഗതവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

*MS 17 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Merlin Vakkachan, Illiparambil | ₹ | 2,000 |
| 2 | Siju Thundathil, Kalayanthany | ₹ | 40,000 |
| 3 | CML, Alakode Unit | ₹ | 5,000 |
| 4 | Sebastian Ouseparambil, Thodupuzha East | ₹ | 25,000 |
| 5 | One Benefactor | ₹ | 5000 |

*Rector*





# വിജ്ഞാനഭവൻ

*V. 56/2018* **അദ്ധ്യയനവർഷ ഉദ്ഘാടനം**

മെയ് 27 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു. രൂപതാതല ഉദ്ഘാടനം അഭിവന്ദ്യപിതാവ് നേര്യമംഗലം സെന്റ് ജോസഫ് പള്ളിയിൽ നടത്തി. 10 മണിക്ക് ദിവ്യബലിയർപ്പിച്ചു. പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.

*V. 57/2018* **വിജ്ഞാനഭവൻ വെബ്സൈറ്റ്**

നമ്മുടെ വെബ്സൈറ്റ് ഈ വർഷം മുതൽ Full Swing -ൽ ആവുകയാണെന്നത് ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഓൺലൈനിൽ ആവുകയാണ്. എല്ലാവരും സഹകരിക്കുമല്ലോ. സംശയങ്ങൾക്കും സഹായങ്ങൾക്കും ഓഫീസുമായും ബഹു. തോമസ് വട്ടത്തോട്ടം അച്ചനുമായും ബന്ധപ്പെടുക. (ഫോൺ 9497276975)

*V. 58/2018* **50 വർഷം പൂർത്തിയാക്കിയവർ**

മാതാവിന്റെ വിമലഹൃദയ തിരുനാൾ ദിവസമായ ജൂൺ 9-ാം തീയതി രൂപതാദിനമായി ആചരിക്കുകയാണല്ലോ. അന്നേ ദിവസം വിശ്വാസപരിശീലന രംഗത്ത് 50 വർഷം പൂർത്തിയാക്കിയവരെ അഭിവന്ദ്യ പിതാവ് ആദരിക്കുന്നതാണ്. നിങ്ങളുടെ ഇടവകയിൽ 50 വർഷമോ അതിലധികമോ വിശ്വാസപരിശീലകരായി സേവനം ചെയ്തവരുടെ (ഇപ്പോൾ പഠിപ്പിക്കുന്നില്ലെങ്കിലും) പേരുകൾ വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കുമല്ലോ.

*V.59/2018* **രണ്ടാം സെമസ്റ്റർ പരീക്ഷ**

10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ അദ്ധ്യയനവർഷം ജനുവരി അവസാനമാണല്ലോ നടത്തിയത്. ഈ അദ്ധ്യയനവർഷം അതേ സമയത്തുതന്നെ നടത്തണമോ അതോ മറ്റു ക്ലാസുകൾക്കൊപ്പം നടത്തണമോ എന്നതിൽ നിങ്ങളുടെ കൂടി അഭിപ്രായം ക്ഷണിക്കുകയാണ്. ഇടവകയിലെ വിശ്വാസ പരിശീലകരുടെയും പി.റ്റി.എ അംഗങ്ങളുടെയും അഭിപ്രായം ആരാഞ്ഞ് അത് ജൂൺ 15-ന് മുമ്പ് ഓഫീസിൽ അറിയിക്കുക.

*V.60/2018* **വിശ്വാസോത്സവം**

വിശ്വാസോത്സവത്തിന്റെ സമയം സംബന്ധിച്ച് വ്യക്തത ഉണ്ടാ

കണമെന്ന് അഭ്യർത്ഥിക്കുന്നു. 4 ദിവസത്തേയ്ക്ക് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് വിശ്വാസോത്സവത്തിന്റെ സമയം. ചില ഇടവകകളിൽ സൗകര്യത്തെ പ്രതി ഉച്ചവരെ വിശ്വാസോത്സവം നടത്തുന്നുണ്ട്. അങ്ങനെയാണെങ്കിൽ അത് നേരത്തെ ആരംഭിക്കേണ്ടതാണ്. 6 മണിക്കൂറിൽ കുറയാത്ത സമയം വിശ്വാസോത്സവത്തിനായി കണ്ടെത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. നേരത്തെ നടത്തുന്നുണ്ടെങ്കിൽ അക്കാര്യം വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

*V. 61/2018* **Grading system**

ഈ വർഷം മുതൽ രൂപതയിലെ സൺഡേ സ്കൂളുകളുടെ സമ്മാനനിർണയം Grading system -ന്റെ അടിസ്ഥാനത്തിലായിരിക്കും. കൂടുതൽ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

*V. 62/2018* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂൺ -14 ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂൺ 14 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു. **കൺവെൻഷൻ തീർന്നതിനുശേഷം മാത്രമേ അധ്യാപകർ പോകാവൂ എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.**

**മികച്ച സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങൾ തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**

*V. 63/2018* **ബൈബിൾ നേഴ്സറി**

2018-2019 അദ്ധ്യയന വർഷം ബൈബിൾ നഴ്സറി എല്ലാ ഇടവകകളിലും തുടർന്ന് കൊണ്ടുപോകുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V. 64/2018* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി ജൂൺ മാസം തന്നെ രൂപീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പി.റ്റി.





എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് തന്നിരിക്കുന്ന ഫോമിൽ ജൂൺ 30-ന് മുമ്പ് തരേണ്ടതാണ്.

*V. 65/2018* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 23, 24 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തും. എല്ലാ നവാഗതരായ അദ്ധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 23-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് 24-ാം തീയതി വൈകിട്ട് 3.30 -ന് അവസാനിക്കും. വരുന്നവരുടെ എണ്ണം ജൂൺ 10 -ന് മുമ്പ് അറിയിക്കേണ്ടതാണ്.

*V.66/2018* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് ജൂൺ 9-ാം തീയതിക്കുമുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ, റോൾ നമ്പർ, ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കണം.

*V. 67/2018* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് മാസത്തിലും ജനുവരി മാസത്തിലും മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ. **ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3 A,B ലിസ്റ്റിൽ ഇവരുടെ പേര് പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

4 പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദ

പാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.

5 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

| | | |
|---|---|---|
| XI | - | 2018 ആഗസ്റ്റ് 11 ശനി |
| XII | - | 2018 ആഗസ്റ്റ് 11 ശനി |

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

| | | |
|---|---|---|
| XI | - | 2019 ജനുവരി 12 ശനി |
| XII | - | 2019 ജനുവരി 12 ശനി |

സ്ഥലം : NESTT, Muvattupuzha

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB. രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

### *V.68/2018* വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണ്. ജൂലൈ 31-ാം തീയതിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

### *V. 69/2018* Admission Register, Classwise Register, Attendance Book, Bag etc.

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകളുടെ വില താഴെചേർക്കുന്നു.

| | | | |
|---|---|---|---|
| Admission register | - | ₹ | 300 |
| Classwise register (P. 50) | - | ₹ | 120 |
| Classwise register (P. 30) | - | ₹ | 90 |
| Classwise register (P. 20) | - | ₹ | 70 |
| Certificate book | - | ₹ | 10 |
| Attendance book | - | ₹ | 10 |
| T.C. Form (book) | - | ₹ | 50 |





| | | | |
|---|---|---|---|
| Application form | - | ₹ | 30 |
| Teachers' attendance | - | ₹ | 60 |
| Sunday School bag | - | ₹ | 70, 130 |

### *V.70/2018* പുസ്തക വിതരണം

ഈ അദ്ധ്യയനവർഷത്തിലെ സൺഡേ സ്കൂൾ പുസ്തകങ്ങളുടെ വിതരണം ആരംഭിച്ചുകഴിഞ്ഞു. റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങളുടെയും വിതരണം ജൂൺ 1 മുതൽ ആരംഭിക്കുന്നതാണ്. ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം, സ്കൂൾ കാറ്റിക്കിസം, മോറൽസയൻസ് പുസ്തകങ്ങൾക്ക് ജൂൺ 20 വരെ 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു. **പുസ്തകം വാങ്ങാൻ വരുന്നവർ മുൻകൂട്ടി ഫോൺ വിളിച്ച് അറിയിച്ചാൽ തിരക്ക് ഒഴിവാക്കാൻ സാധിക്കും. ഫോൺ. 9495843287.**

| Std. | Sunday School | | Reg. School Cat. | Moral Science | |
|---|---|---|---|---|---|
| | Mal. | Eng. | | Mal. | Eng. |
| I | ₹ 25 | ₹ 35 | ₹ 25 | ₹ 45 | ₹ 55 |
| II | ₹ 25 | ₹ 35 | ₹ 25 | ₹ 45 | ₹ 55 |
| III | ₹ 25 | ₹ 35 | ₹ 25 | ₹ 45 | ₹ 55 |
| IV | ₹ 25 | ₹ 35 | ₹ 25 | ₹ 45 | ₹ 55 |
| V | ₹ 30 | ₹ 40 | ₹ 25 | ₹ 50 | ₹ 55 |
| VI | ₹ 30 | ₹ 40 | ₹ 25 | ₹ 50 | ₹ 55 |
| VII | ₹ 30 | ₹ 40 | ₹ 25 | ₹ 50 | ₹ 55 |
| VIII | ₹ 30 | ₹ 40 | ₹ 20 | ₹ 50 | ₹ 55 |
| IX | ₹ 30 | ₹ 40 | ₹ 20 | ₹ 50 | ₹ 60 |
| X | ₹ 30 | ₹ 40 | ₹ 20 | ₹ 50 | ₹ 60 |
| XI | ₹ 30 | ₹ 40 | - | ₹ 30 | ₹ 70 |
| XII | ₹ 30 | ₹ 40 | - | ₹ 30 | ₹ 70 |

★ 11, 12 ക്ലാസ്സുകളിലെ മോറൽ സയൻസ് മലയാളം പുസ്തകങ്ങൾ നിലവിലുള്ള സ്റ്റോക്ക് തീർന്നാൽ 40 രൂപയായിരിക്കും.

★ വിശ്വാസോത്സവ പുസ്തക വില 40 രൂപയായിരിക്കും.

### *V. 71/2018* അദ്ധ്യാപക സഹായി

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).

## *V.72/2018* ലോഗോസ് ക്വിസ് 2018

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V -ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

**പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം -01-01-2007 -ന് ശേഷം ജനിച്ചവർ
B വിഭാഗം - 01-01-2002 -നും 31-12-2006-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം -01-01-1987 -നും 31-12-2001-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം -01-01-1967 -നും 31-12-1986-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 01-01-1954 -നും 31-12-1966-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1953 -നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ 2018 ജൂൺ 1-ാം തീയതി ആരംഭിച്ച് ജൂലൈ 31-ാം തീയതി അവസാനിക്കുന്നതായിരിക്കും. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

1) ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ 9447828373
2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044

കൂടുതൽ വിശദാംശങ്ങൾ അടുത്തമാസം ദൈവരാജ്യത്തിൽ അറിയിക്കുന്നതായിരിക്കും.

## *V.73/2018* Scholarship Exam Winners

2017-2018 വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികളായവർക്ക് അനുമോദനങ്ങൾ നേരുന്നു.

### Std. IV - രൂപതാ വിജയികൾ

1 നവ്യ മനോജ് പ്ലാങ്കാല, മൂവാറ്റുപുഴ
2 ജൂവൽ തെരേസ് സജി, മൈപ്പാൻ, കുട്ടമ്പുഴ
3 നിയ ബെന്നി മാങ്കുഴ, കുറുപ്പംപടി





### ഫൊറോന വിജയികൾ

**ആരക്കുഴ**
1 ബിൽറ്റ മരിയ സിബി തൂമുള്ളിൽ, പെരിങ്ങഴ
2 ലിബ്ന എലിസബത്ത് ജോഷി മലേക്കുടി, തോട്ടക്കര
3 എൽനാ ഷെറി പ്ലാന്തോട്ടം, ആരക്കുഴ

**കാളിയാർ**
1 നിഖില നൈസ് മറ്റത്തിൽ, കൊടുവേലി
2 ആൻസ്മരിയ ബിജു മേക്കുന്നേൽ, കാളിയാർ
3 ട്രീസാ റെൻസൺ തലയ്ക്കൽ, തെന്നത്തൂർ

**കരിമണ്ണൂർ**
1 അമൽ സിജു ചാലിപ്ലാക്കൽ, ഉടുമ്പന്നൂർ
2 ആൻസിറ്റ സെബാസ്റ്റ്യൻ ഇടപാറയ്ക്കൽ, കരിമണ്ണൂർ
3 തെരേസ് മാത്യു മഞ്ഞകടമ്പിൽ, ഉടുമ്പന്നൂർ

**കോതമംഗലം**
1 ജൂവൽ തെരേസ് സജി മൈപ്പാൻ, കുട്ടമ്പുഴ
2 നിയ ബെന്നി മാങ്കുഴ, കുറുപ്പംപടി
3 അലീന ആന്റണി കുറിയിടം, മാലിപ്പാറ

**മൈലക്കൊമ്പ്**
1 ജിസ് എലിസബത്ത് നീരോലിയ്ക്കൽ, കലൂർ
2 ഗിൽബർട്ട് ക്ലീറ്റസ് നെടുങ്കല്ലേൽ, നാകപ്പുഴ
3 റോസ് മരിയ ജിജി അറയ്ക്കൽ, തഴുവംകുന്ന്

**മാറിക**
1 ആൻമരിയ ജോസഫ് ചെട്ടിപറമ്പിൽ, നെടിയശാല
2 അനു മരിയ ജോസഫ് ചെട്ടിപറമ്പിൽ, നെടിയശാല
3 ആൽബിൻ ജെയിംസ് വാഴയിൽ, കുണിഞ്ഞി

**മുതലക്കോടം**
1 നിയ രാജു പുളിയൻകുന്നേൽ, പാറപ്പുഴ
2 ബിസ്മി ബിജു ചെമ്മിനിക്കാട്ട്, വാഴക്കാല
3 എമി റോസ് മറ്റം, മുതലക്കോടം

**മൂവാറ്റുപുഴ**
1 നവ്യ മനോജ് പ്ലാങ്കാല, മൂവാറ്റുപുഴ
2 ആൻമരിയ ജോസ് വെള്ളിലാംതടത്തിൽ, മാറാടി
3 അലീന ലൈജു വാരിക്കാട്ട്, ആനിക്കാട്

**ഊന്നുകൽ**
1 നേഹ സിജോ പുത്തൻപുരയ്ക്കൽ, ഊന്നുകൽ
2 അഞ്ജല ജോൺസൺ മുകളേൽ, ഊന്നുകൽ

3 ഏഞ്ചൽ ജോൺ പുല്ലൻകട്ടയിൽ, ഇഞ്ചതൊട്ടി

**പൈങ്ങോട്ടൂർ**

1 ആൻമരിയ ജോഷി വെട്ടിക്കാമറ്റം, പൈങ്ങോട്ടൂർ
2 എലൈൻ ജോബി നെടുങ്കല്ലേൽ, പോത്താനിക്കാട്
3 ഡോണ ജോ അജി കൊറ്റശ്ശേരി, പോത്താനിക്കാട്

**തൊടുപുഴ**

1 അർന നെസാ തോമസ് കണ്ണംമാക്കൽ, തൊടുപുഴ ഈസ്റ്റ്
2 അലീന ജോർജ്ജ് പുത്തൻകണ്ടത്തിൽ, അഞ്ചിരി
3 മരിയേറ്റ് ജോമി മാവടിയിൽ, തൊടുപുഴ ഈസ്റ്റ്

**വാഴക്കുളം**

1 ആൽബർട്ട് ജെൻസൺ പുത്തൻപുരയ്ക്കൽ, കദളിക്കാട്
2 ആൻമരിയ വിൻസൺ മങ്കുത്തേൽ, ഏനാനെല്ലൂർ
3 ഡാനിയേൽ ഷിബു തേവറേഴേത്ത്, വാഴക്കുളം

## Std VII - രൂപതാ വിജയികൾ

1 ജോർജ്ജ് സുനി ബാബു മാറാട്ടിൽ, വാഴക്കാല
2 ക്രിസ്റ്റാ ക്ലാര ജേക്കബ് പകലോമറ്റം, നാകപ്പുഴ
3 മരിയ റോയി എഴുമായിൽ, പരീക്കണ്ണി

## ഫൊറോനവിജയികൾ

**ആരക്കുഴ**

1 ഏഞ്ചലിൻ അനീഷ് പരുന്തുംപ്ലാവിൽ, പെരുമ്പല്ലൂർ
2 മാത്യൂസ് ബൈജു കാഞ്ഞിരത്തിങ്കൽ, ആരക്കുഴ
3 ലിന്റാ ബാബു വടക്കേകര, അരിക്കുഴ

**കാളിയാർ**

1 ജീവ് ജോ ജെയിസൺ അറയ്ക്കൽ, തൊമ്മൻകുത്ത്
2 എബിൻ ഷിജു വേങ്ങചുവട്ടിൽ, ഞാറക്കാട്
3 നിർമ്മല ജെയ്മോൻ പള്ളിക്കുന്നേൽ, തൊമ്മൻകുത്ത്

**കരിമണ്ണൂർ**

1 സെബാസ്റ്റ്യൻ ജോസ് മഠത്തികണ്ടത്തിൽ, മുളപ്പുറം
2 ക്രിസ്റ്റോ ബിൻസ് വാട്ടപ്പിള്ളിൽ, പള്ളിക്കാമുറി
3 അനിറ്റ ഷിജോ തുണ്ടത്തിൽ, മലയിഞ്ചി

**കോതമംഗലം**

1 റ്റാനിയ സജി മൺകുഴയിൽ, കത്തീഡ്രൽ
2 ഗോൾവിൻ കെ.ജെ. കൊറ്റാൻചേരിൽ, പൂയംകുട്ടി
3 നേഹ മറിയം ബിജു കൊണ്ടൂപറമ്പിൽ, കത്തീഡ്രൽ

**മൈലക്കൊമ്പ്**

1 ക്രിസ്റ്റ ക്ലാര ജേക്കബ് പകലോമറ്റം, നാകപ്പുഴ





2 റ്റീന ടോം തച്ചുകുന്നേൽ, ഏഴല്ലൂർ
3 അമല ആൻ ഷിജോ കളപ്പുരയ്ക്കൽ, ഏഴല്ലൂർ

**മാറിക**

1 ട്രീസ കെ. സജി കണ്ടത്തിപറമ്പിൽ, മാറിക
2 മേഘ ബിജു പുളിക്കുന്നേൽ, നെടിയശാല
3 സ്റ്റെല്ലാ അലക്സാണ്ടർ കാരത്തട്ടിൽ, മാറിക

**മുതലക്കോടം**

1 ജോർജ്ജ് സുനി ബാബു മാറാട്ടിൽ, വാഴക്കാല
2 മരിയ മാത്യൂസ് കൊച്ചുപറമ്പിൽ, ചാലാശ്ശേരി
3 റോസ്മേരി മാർട്ടിൻ വട്ടക്കാട്ട്, പാറപ്പുഴ

**മൂവാറ്റുപുഴ**

1 ഡെൻസാ ജോഷി കുരുക്കൂർ, മാറാടി
2 ബെൻ സാവിയോ പുളിക്കൽ, ആനിക്കാട്
3 അനറ്റ് ജോർജ്ജ് വലിയവീട്ടിൽ, മൂവാറ്റുപുഴ

**ഊന്നുകൽ**

1 മരിയ റോയി ഏഴുമായിൽ, പരീക്കണ്ണി
2 ജെസ്റ്റിൻ ജോജി മങ്ങാട്ട്, ഊന്നുകൽ
3 റോസ്മോൾ ജോർജ്ജ് മണ്ടപത്തിക്കുന്നേൽ, പരീക്കണ്ണി

**പൈങ്ങോട്ടൂർ**

1 ക്രിസ്വിൻ സിബി തെക്കുചേരിൽ, പൈങ്ങോട്ടൂർ
2 കെവിൻ സിബി കാരക്കാട്ട്, പോത്താനിക്കാട്
3 ഹെലൻ പ്ലസൺ തെക്കേതൊട്ടിയിൽ, പൈങ്ങോട്ടൂർ

**തൊടുപുഴ**

1 തെരേസ് മരിയ ജോമോൻ വേലംകുന്നേൽ, പൊന്നന്താനം
2 ആനന്ദ റിറ്റി ജോജൻ നെടുകല്ലേൽ, തൊടുപുഴ ഈസ്റ്റ്
3 അലീന ബെന്നി കിഴക്കേപറമ്പിൽ, കലയന്താനി

**വാഴക്കുളം**

1 മരിയ ഫ്രാൻസീസ് കല്ലുങ്കൽ, വാഴക്കുളം
2 തോമസ് സെസൽ കൈനിക്കൽ, ബെത്‌ലേഹം
3 ജെസ്ന ലൈസൺ താമരശ്ശേരി, ആയവന

## Std X - രൂപതാ വിജയികൾ

1 ഷാരോൺ ബിനോ ഇല്ലിമൂട്ടിൽ, ആലക്കോട്
2 ഫിലോമിൻ റോയി എഴുമായിൽ, പരീക്കണ്ണി
3 എമി മരിയ ബിജു അറുകാലിൽ, കത്തീഡ്രൽ

## ഫൊറോനവിജയികൾ

**ആരക്കുഴ**

1 ജോന ജോയി കണ്ണാത്തുകുഴിയിൽ, ആരക്കുഴ
2 ചിഞ്ചു സിജോ താഴത്തേകച്ചിറയിൽ, ആരക്കുഴ
3 നേഹ മരിയ ജോഷി മഴുവൻചേരി, തോട്ടക്കര

**കാളിയാർ**

1 ജീവ എസ് ജോണി കുന്നുംപുറത്ത്, കാളിയാർ
2 ജിസ് ജോഷി കരിന്തോളിൽ, കൊടുവേലി
3 ഏഞ്ചൽ മേരി സജി മംഗലത്ത്, കാളിയാർ

**കരിമണ്ണൂർ**

